പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3001 07.12. 2018 ൽ മറുപടിയ്ക്ക്.

# ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി

*ചോദ്യം*

ശ്രീമതി.പി. അയിഷാ പോറ്റി :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ "പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 സർക്കാർ ഐ.ടി.ഐകളുടെ നിലവാരമുയർത്തൽ പദ്ധതി യിൽ" പട്ടികജാതി വകുപ്പിൻ കീഴിലെ 4 ഐ.ടി.ഐകൾ ഉൾപ്പെടെ 26 ഐ.ടി.ഐകൾ ഉൾപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത ഐ.ടി.ഐകളിൽ പുതിയ ട്രേഡുകൾ ആരംഭി ക്കുകയും ആയതിന്റെ സുഗമമായ നടത്തിപ്പിന് നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഇതു കൂടാതെ ലോക ബാങ്കിന്റെ സഹായത്തോടെ ഐ.ടി.ഐകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയായ വൊക്കേഷണൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (VTIP) പ്രകാരം സംസ്ഥാനത്തെ 7 ഐ.ടി.ഐകളെ തിരഞ്ഞെടു ത്തിരുന്നു. ഇതിന്റെ ഭാഗമായി പള്ളിക്കത്തോട്, കൊല്ലം (വനിത), ധനുവച്ചപുരം, ആര്യനാട്, കൽപ്പറ്റ, കൊയിലാണ്ടി, മലമ്പുഴ എന്നീ ഐ.ടി.ഐകളിൽ കെട്ടിട നിർമ്മാണവും ഉപകരണ സംഭരണവും നടത്തിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി എത്ര ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്; ഏതെല്ലാം; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ വാമനപുരം, വർക്കല, കൊല്ലം ജില്ലയിലെ ചടയമംഗലം, കൊട്ടാരക്കര, മയ്യനാട്, കോഴിക്കോട് ജില്ലയിലെ പേരാമ്പ്രാ, ചാത്തമംഗലം, പാലക്കാട് ജില്ലയിലെ പെരുമാട്ടി കണ്ണൂർ ജില്ലയിലെ പിണറായി, പടിയൂർ, പന്ന്യന്നൂർ, കാസർഗോഡ് ജില്ലയിലെ |

| | | |
|---|---|---|
| | | കോടോംബേളൂർ, കുറ്റിക്കോൽ എന്നിവിടങ്ങളിലായി 13 പുതിയ സർക്കാർ ഐ.ടി.ഐകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) ഐ.ടി.ഐ.കളിൽ നിലവിലുള്ള പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | | (സി) ഐ.ടി.ഐകളിലെ ട്രേഡുകളുടെ സിലബസ് പരിഷ്കരിക്കുന്നതും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതും കേന്ദ്ര മന്ത്രാലയത്തിലെ ഡി.ജി.റ്റിയുടെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. 2018 പരിശീലന വർഷം മുതൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (NSQF) പദ്ധതി പ്രകാരമുള്ള സിലബസുകളാണ് എല്ലാ ട്രേഡുകളിലും നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ